**KERALA STATE ELECTRICITY BOARD LIMITED**
*(Incorporated under the Companies Act, 1956)* **CIN:U40100KL2011SGC027424**
*Reg. Office: Vydyuthi Bhavanam, Pattom, Thiruvananthapuram – 695 004 Website: www.kseb.in*
Office of the Director (Distribution , IT & HRM)
Vydyuthi Bhavanam, Pattom, Thiruvananthapuram – 695 004, Kerala
Phone: +91 471 2514685, 2514331, Fax: 0471 2447228 E-mail: ddkseb@kseb.in

**D (D, IT & HRM)/ COVID 19/ 2019 – 2020/16** **19.05.2020**

## പരിപത്രം

വിഷയം: കോവിഡ്കാല ഓഫീസ് പ്രവർത്തനം ക്രമീകരിക്കുന്നതു സംബന്ധിച്ച തുടർനിർദ്ദേശങ്ങൾ

സൂചന :
1. 19.03.2020 ലെ പരിപത്രം നമ്പർ DGE/Circular/2019-2020/
2. 19.03.2020 ലെ പരിപത്രം നമ്പർ PS1(B)/Covid-19/മുൻകരുതൽ/2020
3. 23.03.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20
4. 24.03.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/2
5. 25.03.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/3
6. 31.03.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/5
7. 18.04.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/6
8. 21.04.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/7
9. 27.04.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/8
10. 29.04.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/9
11. 30.04.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/10
12. 05.05.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/11
13. 08.05.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/12
14. 16.05.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/13
15. 18.05.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/14
16. 19.05.2020 ലെ പരിപത്രം നമ്പർ D(D,IT&HRM)/COVID19/2019-20/15

കോവിഡ് വ്യാപനം തടയുന്നതിന്റെ ഭാഗമായി ഓഫീസുകളുടെ പ്രവർത്തനത്തിൽ ചില നിയന്ത്രണങ്ങൾ സൂചന പരിപത്രങ്ങൾ പ്രകാരം ഏർപ്പെടുത്തിയിരുന്നു. കുറച്ച് ജീവനക്കാരെ നിയോഗിച്ചുകൊണ്ട് അടിയന്തിരപ്രാധാന്യമുള്ള പ്രവർത്തികൾ മാത്രമാണ് ഇക്കാലങ്ങളിൽ ഏറ്റെടുത്തിരുന്നത്. ഉപഭോക്തൃ സേവനങ്ങളും പരിമിതമായാണ് വിവിധ ഓഫീസുകളിൽ നിന്ന് നൽകാൻ സാധിച്ചിരുന്നത്. കാലാകാലങ്ങളിൽ ലോക്ക്ഡൗൺ നിയന്ത്രണങ്ങളിൽ സർക്കാർ വരുത്തുന്ന മാറ്റങ്ങൾക്ക് അനുസൃതമായി ഓഫീസ് പ്രവർത്തന ക്രമീകരണങ്ങളിലും ആവശ്യമായ ഭേദഗതികൾ യഥാസമയം വരുത്തിയിരുന്നു.

നാലാംഘട്ട ലോക്ക്ഡൗൺ കാലയളവിൽ വാണിജ്യ-വ്യാപാര സ്ഥാപനങ്ങൾ അടക്കം തുറന്നുപ്രവർത്തിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ നടത്തുന്നതിനും സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. പ്രവാസികൾ വൻതോതിൽ സംസ്ഥാനത്തേക്ക് എത്തിക്കൊണ്ടിരിക്കുന്നതിനെത്തുടർന്ന് കോവിഡ് പ്രതിരോധ സംവിധാനങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി വൈദ്യുതികണക്ഷനുകൾ നൽകുന്നതിനും, തടസ്സ രഹിതമായി വൈദ്യുതി വിതരണം ഉറപ്പുവരുത്തുന്നതിനും സവിശേഷശ്രദ്ധ നൽകേണ്ടതുണ്ട്. കൂടാതെ കാലവർഷം ശക്തമാകുന്ന സാഹചര്യത്തിൽ അധികമായി ഉണ്ടാകാനിടയുള്ള വൈദ്യുതി തടസ്സങ്ങളും പരിഹരിക്കേണ്ടിവരും. ഇതിന് പുറമേ വൈദ്യുതി സുരക്ഷ ഉറപ്പുവരുത്തുന്നതിനും പ്രത്യേകശ്രദ്ധ ആവശ്യമാണ്.

വൈദ്യുതി ഉത്പാദന-പ്രസരണ-വിതരണ രംഗങ്ങളിൽ നിർമ്മാണ-നവീകരണ പ്രവർത്തനങ്ങൾ പൂർണ്ണതോതിൽ ആരംഭിച്ച സാഹചര്യത്തിൽ സാധന-സാമഗ്രികളുടെ ലഭ്യതയും വിതരണവും ഉറപ്പുവരുത്തേണ്ടതുണ്ട്. ഇക്കാര്യങ്ങൾ സുഗമമായി നടത്തുന്നതിനു കരാറുകാർ / സ്ഥാപനങ്ങൾ തുടങ്ങിയവരുടെ ബില്ലുകൾ യഥാസമയം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതുമുണ്ട്.

മേൽപ്പറഞ്ഞകാര്യങ്ങൾ പരിഗണിച്ച് കെ.എസ്.ഇ.ബി ഓഫീസുകളുടെ പ്രവർത്തനങ്ങൾ താഴെപ്പറയും പ്രകാരം പുന:ക്രമീകരിക്കുന്നു.

1. വിവിധ ഓഫീസുകളുടെ പ്രവർത്തനങ്ങളിൽ സൂചന പരിപത്രങ്ങൾ പ്രകാരം ഏർപ്പെടുത്തിയിരുന്ന പ്രത്യേക ഡ്യൂട്ടി ക്രമീകരണങ്ങൾ ഒഴിവാക്കി പൂർവ്വസ്ഥിതി പുനസ്ഥാപിക്കേണ്ടതാണ്. കണ്ടയിൻമെന്റ് സോൺ/ ഹോട്ട്സ്പോട്ട് പ്രദേശങ്ങളിൽ ആസ്ഥാനമുള്ള ഓഫീസുകളിൽ നിലവിലുള്ള പ്രത്യേക ക്രമീകരണങ്ങൾ തുടരേണ്ടതും തൽസ്ഥിതി മാറുന്നതിനനുസൃതമായി വേണ്ട മാറ്റങ്ങൾ ഓഫീസ് അധികാരി നടപ്പിലാക്കേണ്ടതുമാണ്.
2. കണ്ടയിൻമെന്റ് സോൺ / ഹോട്ട്സ്പോട്ട് പ്രദേശങ്ങളിൽ ആസ്ഥാനമുള്ള ഓഫീസുകളിൽ ഒഴികെ അപ്രന്റീസ് ട്രെയിനികൾ ഉൾപ്പെടെയുള്ള ജീവനക്കാർ പൂർണ്ണതോതിൽ (100%) ഹാജരാകേണ്ടതാണ്. ഈ ക്രമീകരണം കെ.എസ്.ഇ.ബിയുടെ എല്ലാ വിഭാഗം ഓഫീസുകൾക്കും ബാധകമായിരിക്കും.
3. വൈദ്യുതി മോഷണം, അപകടങ്ങൾ എന്നിവയൊഴികെയുള്ള സാഹചര്യങ്ങളിൽ വൈദ്യുതി കണക്ഷനുകൾ വിച്ഛേദിക്കാൻ പാടുള്ളതല്ല. മറ്റേതെങ്കിലും സാഹചര്യങ്ങളിൽ കണക്ഷൻ വിച്ഛേദിക്കേണ്ടതായി വന്നാൽ LT കണക്ഷന് വിതരണ വിഭാഗം ഡയറക്ടറുടേയും HT/ EHT കണക്ഷന് ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെയും അനുമതി വാങ്ങേണ്ടതാണ്.
4. ബ്രേക്ക് ദി ചെയിൻ' ഉറപ്പുവരുത്തുന്നതും. സാമൂഹിക അകലം പാലിക്കുന്നതും, മാസ്ക്, ഗ്ലൗസ്, സാനിട്ടൈസർ / സോപ്പ് എന്നിവ ഉപയോഗിക്കുന്നതും സംബന്ധിച്ച് നൽകിയിട്ടുള്ള നിർദേശങ്ങൾ നിലനിൽക്കുന്നതും ആയവ കർശനമായി പാലിക്കേണ്ടതുമാണ്.
5. ഓൺലൈൻ പണമിടപാടുകൾ കൂടുതലായി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 04.05.2020 മുതൽ 16.05.2020 വരെ ഓൺലൈനിൽ ആദ്യമായി വൈദ്യുതിചാർജ്ജ് ഒടുക്കുന്നവർക്ക് 5% ക്യാഷ്ബാക്ക് (ബിൽ ഒന്നിന് പരമാവധി 100 രൂപ) ആനുകൂല്യം നൽകിയിരുന്നു. ഈ ആനുകൂല്യം 31.05.2020 വരെ തുടരുന്നതാണ്. ക്യാഷ്ബാക്ക്തുക അടുത്ത മാസത്തെ ബിൽതുകയിൽ കുറവുചെയ്ത് നൽകും.
6. നിലവിൽ ക്ലാസ്റൂം ട്രെയിനിംഗ് നിർത്തിവച്ചിരിക്കുകയാണ്. ഓൺലൈൻ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ട്രെയിനിംഗ് പുനരാംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനു ചീഫ് എഞ്ചിനീയർ (HRM) നെ ചുമതലപ്പെടുത്തുന്നു.
7. APTS വിഭാഗം ഈ കാലയളവിൽ പുതിയ ഗ്രിഡ് കണക്റ്റഡ് സോളാർ പ്രതിഷ്ഠാപനങ്ങളുടെ ടെസ്റ്റിങ്ങിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്.
8. ഹാജർരേഖപ്പെടുത്തുന്നതിന് ഏർപ്പെടുത്തിയിരുന്ന ക്രമീകരണങ്ങൾ തുടരുന്നതാണ്.
9. കെ.എസ്.ഇ.ബി ഓഫീസുകളിൽ സന്ദർശകർക്ക് ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണം ലോക്ക്ഡൗൺ കാലയളവിൽ തുടരും.
10. കെ.എസ്.ഇ.ബിയുടെ അധീനതയിലുള്ള റിക്രിയേഷൻ ക്ലബ്ബുകൾ, ജിംനേഷ്യം, ക്രെഷ് എന്നിവയുടെ പ്രവർത്തനങ്ങൾക്ക് ഏർപ്പെടുത്തിയ നിരോധനം തുടരേണ്ടതാണ്.

Sanjeev

**ചെയർമാൻ & മാനേജിങ്ങ് ഡയറക്ടർ**

എല്ലാ ഓഫീസ് മേധാവികൾക്കും